**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 132** **07-06-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri G R Anil**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിലേക്ക് ആവശ്യമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചറുകൾ കണ്ണൂർ ജില്ലാ സപ്ലൈ ആഫീസ്, കണ്ണൂർ താലൂക്ക് സപ്ലൈ ആഫീസ് എന്നിവിടങ്ങളിൽ നിന്നും അധികമുള്ള ഉപയോഗ യോഗ്യമായവ നൽകുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഹോസ്ദുർഗ് താലൂക്ക് സപ്ലൈ ആഫീസിലെ വാഹനം ആഴ്ചയിൽ രണ്ടു ദിവസം പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി അനുവദിച്ചു നല്കിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിനായി പയ്യന്നൂർ നഗര സഭയിലെ രാമന്തളി മുസ്ലിം ജമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള 14 വാർഡിൽ ഉൾപ്പെട്ട താഴത്തെ നിലയിലുള്ളതും മുകളിലത്തെ നിലയിലുള്ളതുമായ മുറി കണ്ടെത്തിയിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് സപ്ലൈ ആഫീസിന് ട്രഷറി ആതറൈസേഷൻ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ